## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*86 | 05/02/2020 - ൽ മറുപടിയ്ക്ക്

## സാംസ്കാരിക മേഖല ശക്തിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ്<br>പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ.എം. മുകേഷ്<br>ശ്രീ. പി.കെ. ശശി : | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ**<br>**പിന്നോക്ക സമുദായ ക്ഷേമവും നിയമവും**<br>**സാംസ്കാരികവും പാർലമെന്ററികാര്യവും**<br>**വകുപ്പ് മന്ത്രി** |
| എ) രാജ്യത്ത് അധികാരമുറപ്പിക്കാനായി വിഭാഗീയത സൃഷ്ടിക്കപ്പെടുന്ന അപായകരമായ സാഹചര്യത്തിൽ ഭരണഘടനയുടെ പരമ പ്രാധാന്യം ഉയർത്തിപ്പിടിക്കുന്ന വിധം സാംസ്കാരിക മേഖലയെ ശക്തിമത്താക്കാൻ ഈ സർക്കാർ രൂപം നൽകിയ പരിപാടികൾ എന്തൊക്കെയാണ്; | (എ) ഭരണഘടനാ മൂല്യങ്ങൾ ശക്തിപ്പെടുത്തുന്നതിന് സഹായിക്കുന്ന തരത്തിലും, ജനാധിപത്യത്തിലും, മാനവികതയിലും ഊന്നിയിട്ടുള്ളതുമായ വിവിധങ്ങളായ പദ്ധതികൾ സാംസ്കാരിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.<br>ഇവയിൽ സുപ്രധാനമായ ഒന്നാണ് കേരളത്തിലെ 14 ജില്ലകളിലും നവോത്ഥാന സാംസ്കാരിക നായകരുടെ നാമധേയത്തിൽ ഏകദേശം 50 കോടി രൂപ വീതം ചെലവഴിച്ച് നിർമ്മിക്കുന്ന നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ. ഭരണഘടനാ ശില്പികൾ വിഭാവനം ചെയ്ത ബഹുസ്വരതയും മാനവിക മൂല്യങ്ങളും ഉയർത്തിപ്പിടിക്കുന്നതാണ് ഈ സമുച്ചയങ്ങൾ. മനുഷ്യരെ വേർതിരിക്കാതെ, അവരിൽ വിഭാഗീയത സൃഷ്ടിക്കാതെ പരസ്പരം ഒന്നിപ്പിക്കുന്നതിന് ഇവ സഹായിക്കുന്നതുമാണ്. ശ്രീനാരായണ ഗുരുവിന്റെ നമുക്ക് ജാതിയില്ലാ വിളംബരം വാർഷികാചരണവും ഗാന്ധിയൻ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള മഹാത്മാ ഗാന്ധിയുടെ 70-ാം രക്തസാക്ഷിത്വവും, 150-ാം ജന്മവാർഷികം വിപുലമായി ആചരിച്ചതും, കൂടാതെ ഗാന്ധിയുടെ സന്ദർശനം കൊണ്ട് പ്രശസ്തമായ പാലക്കാട് ശബരി ആശ്രമത്തിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും സാംസ്കാരിക വകുപ്പ് ഏറ്റെടുക്കുകയുണ്ടായി.<br>ഭരണഘടനയുടെ മൂല്യബോധങ്ങൾ ഉയർത്തിപ്പിടിക്കുന്നതിനു വേണ്ടിയുള്ള സെമിനാറുകൾ, ചർച്ചകൾ, അവതരണങ്ങൾ എന്നിവ കേരള സാഹിത്യ അക്കാദമി മുഖേന സാധ്യമാക്കുന്നുണ്ട്. ദേശം, ദേശരാഷ്ട്രം, പൗരത്വം, |

മതേതരത്വം എന്നീ കാര്യങ്ങൾ ചർച്ച ചെയ്യാൻ കേരളത്തിന്റെ മൂന്നു മേഖലകളിൽ പരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

വിഭാഗീയത, വർഗ്ഗീയത, മതവിരുദ്ധത എന്നിവ നിർമ്മാർജനം ചെയ്യുന്നതിനും മതനിരപേക്ഷത, മതസൗഹാർദം, മാനവികത എന്നീ മൂല്യങ്ങൾ ഊട്ടിയുറപ്പിക്കുന്നതിനും വേണ്ടി ഭരണഘടന തത്വങ്ങൾ മുൻനിർത്തിയുള്ള സംവാദ സദസ്സുകളും അതിനു സഹായകരമാകുന്ന തരത്തിൽ ഭരണഘടനയെ സംബന്ധിച്ചുള്ള പുസ്തകങ്ങളും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കോളേജുകളും ഹയർസെക്കണ്ടറി സ്കൂളുകളും കേന്ദ്രീകരിച്ച് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് പാർലമെന്ററി ജനാധിപത്യം ശക്തിപ്പെടുത്തുന്ന തരത്തിൽ മോഡൽ പാർലമെന്റുകൾ നടത്തുന്നതിന് നടപടി സ്വീകരിച്ചു.

| | |
|---|---|
| ബി) സംസ്ഥാനത്തെ സാംസ്കാരികരംഗത്ത് ഉണർവ് സൃഷ്ടിക്കുന്ന തരത്തിൽ സാംസ്കാരിക നയം തയ്യാറാക്കുന്നതിനും സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനവും സമന്വയവും സാധ്യമാക്കുന്നതിനും രൂപീകരിച്ചിട്ടുള്ള ഉന്നതതല സമിതിയുടെ പ്രവർത്തനത്തെക്കുറിച്ച് അറിയിക്കാമോ; | ബി) സാംസ്കാരിക ഉന്നത സമിതി 11/07/2018 ൽ പ്രവർത്തനം ആരംഭിച്ചു. സാംസ്കാരിക സ്ഥാപനങ്ങളുടെ ഏകോപനവും സമന്വയവും സാധ്യമാക്കുവാനും, അവയ്ക്കുള്ള ധനസഹായം നിശ്ചയിക്കുന്നതിൽ ഉപദേശിക്കുവാനും കലാ സാംസ്കാരിക മേഖലയിൽ നവീന സർഗ്ഗാത്മക സംരംഭങ്ങൾക്ക് ആശയാവിഷ്കാരം നടത്തുന്നതിനും സാംസ്കാരിക നയരൂപീകരണത്തിന് ഉപദേശം നൽകുന്നതിനുമാണ് സാംസ്കാരിക ഉന്നത സമിതി രൂപീകരിച്ചിട്ടുള്ളത്. ഈ സമിതി സാംസ്കാരിക നയത്തിന്റെ കരട് തയ്യാറാക്കി വരുന്നു. അതോടൊപ്പം സാംസ്കാരിക സംഘടനകൾക്ക് ആവർത്തന/അനാവർത്തന ഗ്രാന്റുകൾ നൽകുന്നതിനുള്ള പുതുക്കിയ മാനദണ്ഡങ്ങളുടെ കരടും തയ്യാറാക്കുന്നുണ്ട്.<br><br>ഗാന്ധിജിയുടെ 70-ാം രക്തസാക്ഷിത്വ വാർഷികത്തോടനുബന്ധിച്ച് സർക്കാർ വിഭാവനം ചെയ്ത 'രക്തസാക്ഷ്യം' പരിപാടിയുടെ ഏകോപനവും നേതൃത്വവും സമിതി ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി വൈക്കം, തവനൂർ എന്നിവിടങ്ങളിൽ വച്ച് വിവിധ പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. "സത്യാനന്തര കാലത്തെ നവമാധ്യമവും ജനാധിപത്യവും", "ഗാന്ധിജി സത്യാനന്തര യുഗത്തിൽ" എന്നിങ്ങനെ ദേശീയ പ്രാധാന്യമുള്ള രണ്ട് സെമിനാറുകൾ ശ്രദ്ധേയമായ രീതിയിൽ സംഘടിപ്പിച്ചു രക്തസാക്ഷ്യം പരിപാടിയോടനുബന്ധിച്ച് ഉന്നതനിലവാരത്തിലുള്ള സുവനീർ പ്രസിദ്ധീകരിക്കുകയുണ്ടായി. |

| | |
|---|---|
| സി) സാംസ്കാരിക രംഗത്ത് ഗുണപരമായ ഇടപെടൽ നടത്തുകയെന്ന ലക്ഷ്യത്തോടെ നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങൾ സ്ഥാപിക്കുന്ന പരിപാടിയുടെ പുരോഗതി അറിയിക്കാമോ? | സി) നവോത്ഥാന സാംസ്കാരിക സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്ന നടപടികളും വിവിധ ജില്ലകളിൽ വിവിധ ഘട്ടങ്ങളിലാണ് . വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. കൊല്ലം ജില്ലയിൽ ശ്രീനാരായണ ഗുരുവിന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും കോൺട്രാക്ടറുമായി എസ്.പി.വി. കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>2. പാലക്കാട് ജില്ലയിൽ വി.ടി.ഭട്ടതിരിപ്പാടിന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും കോൺട്രാക്ടറുമായി എസ്.പി.വി. കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>3. കാസർഗോഡ് ജില്ലയിൽ സുബ്രമണ്യൻ തിരുമുമ്പിന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന്റെ നിർമ്മാണത്തിനുള്ള ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും കോൺട്രാക്ടറുമായി എസ്.പി.വി. കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>4. മലപ്പുറം ജില്ലയിൽ അബ്ദു റഹിമാൻ സാഹിബിന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട് .<br>5. ഇടുക്കി ജില്ലയിലെ പീരുമേട് താലൂക്കിൽ അക്കമ്മ ചെറിയാന്റെ നാമധേയത്തിൽ സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് കണ്ടെത്തിയ ഭൂമിയിൽ ടോപ്പോ ഗ്രാഫിക് സർവ്വേ പൂർത്തിയായിട്ടുണ്ട്. അടുത്തിടെ ഉണ്ടായിട്ടുള്ള പ്രകൃതി ദുരന്ത പശ്ചാത്തലത്തിൽ പ്രസ്തുത ഭൂമി അനുയോജ്യമാണോ എന്ന് ജില്ലാ ജിയോളജിസ്റ്റ് പരിശോധിക്കുകയും സാംസ്കാരിക സമുച്ചയം പോലുള്ള ബൃഹത്തായ നിർമ്മിതികൾക്ക് പകരം ഒറ്റ നിലയുള്ള കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് അനുയോജ്യമാണെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടി സ്വീകരിച്ചു വരുന്നു.<br>6. കണ്ണൂർ ജില്ലയിൽ വാഗ്ഭടാനന്ദന്റെ നാമധേയത്തിൽ പാട്യത്ത് നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന് പാട്യം ഗ്രാമ പഞ്ചായത്ത് അനുവദിച്ച ഭൂമിയും സ്വകാര്യ ഭൂമിയും |

Negotiable Purchase പ്രകാരം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

7. കോഴിക്കോട് ജില്ലയിൽ വൈക്കം മുഹമ്മദ് ബഷീറിന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയത്തിന് കോഴിക്കോട് ഒളവണ്ണയിലാണ് ഭൂമി കണ്ടെത്തിയിട്ടുള്ളത്. ഇന്തോ-ഷാർജ കൾച്ചറൽ സെന്ററിനോടൊപ്പം സ്ഥാപിക്കുന്ന സമുച്ചയത്തിനായി 5.00 ഏക്കർ ഭൂമി നീക്കി വയ്ക്കുന്നതാണ്. ഭൂമി ഏറ്റെടുക്കുന്നതിന് സാമൂഹ്യാഘാത പഠനത്തിനായി ഏജൻസിയെ നിയമിക്കുന്ന നടപടി പുരോഗമിക്കുന്നു. സ്വകാര്യ ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടിയുള്ള ലാന്റ് അക്വിസിഷൻ പ്രൊപ്പോസൽ കിഫ്ബി അംഗീകരിച്ചിട്ടുണ്ട്

8. തൃശ്ശൂർ ജില്ലയിൽ വള്ളത്തോൾ നാരായണ മേനോന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിയ്ക്കായി തൃശ്ശൂർ നഗരസഭ ചിയ്യാരം പ്രദേശത്ത് 3.50 ഏക്കർ ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. ഭൂമിയുടെ കൈമാറ്റ നടപടികളും വിശദമായ പ്രോജക്ട് റിപ്പോർട്ടും തയ്യാറാക്കുന്ന പ്രവർത്തനവും പുരോഗമിക്കുന്നു.

9. കോട്ടയം ജില്ലയിൽ ലളിതാംബികാ അന്തർജനത്തിന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിയ്ക്കായി 5.00 ഏക്കർ സ്വകാര്യ ഭൂമി ഏറ്റെടുക്കുകയാണ്. ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

10. ആലപ്പുഴ ജില്ലയിൽ പി.കൃഷ്ണപിള്ളയുടെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിയ്ക്കായി ആരോഗ്യ വകുപ്പ് 5.00 ഏക്കർ ഭൂമി മാവേലിക്കരയിൽ വിട്ടുനൽകിയിട്ടുണ്ട്. ഭൂമിയുടെ കൈവശാവകാശം ഔദ്യോഗികമായി വിട്ടു നൽകുന്നതു സംബന്ധിച്ച നടപടികൾ പുരോഗമിക്കുന്നു. വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ നടന്നു വരുന്നു.

11. വയനാട് ജില്ലയിൽ എടച്ചേന കുങ്കന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിയ്ക്കായി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ച് വരുന്നു.

12. എറണാകുളം ജില്ലയിൽ സഹോദരൻ അയ്യപ്പന്റെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിയ്ക്കായി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള സത്വര

നടപടികൾ സ്വീകരിച്ചു വരുന്നു.

13. പത്തനംതിട്ട ജില്ലയിൽ ചട്ടമ്പി സ്വാമികളുടെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിയ്ക്കായി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

14. തിരുവനന്തപുരം ജില്ലയിൽ മഹാത്മ അയ്യൻകാളിയുടെ നാമധേയത്തിൽ നിർമ്മിക്കുന്ന സാംസ്കാരിക സമുച്ചയ പദ്ധതിയ്ക്കായി അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു.

Sindhu

**സെക്ഷൻ ഓഫീസർ**